**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1330** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി മൊബിലിറ്റി ഹബ്ബുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മുനിസിപ്പൽ കോർപ്പറേഷനുകളിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതികളുടെ ഫലപ്രാപ്തിയും ആവശ്യകതയും വിലയിരുത്തുന്നതിനായി ആവശ്യമായ പഠനങ്ങളും വിശകലനങ്ങളും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കൊച്ചിൻ മൊബിലിറ്റി പ്ലാൻ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് നിലവിലുള്ള മൊബിലിറ്റി ഹബ്ബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മൊബിലിറ്റി ഹബ്ബുകളുടെ പ്രവർത്തനം ഇതുവരെ വിലയിരുത്തിയിട്ടില്ല. ഇത് വിലയിരുത്തുന്നതിന് സമിതിയെ നിയോഗിക്കും.

**(സി)** ഐ.ടി. വ്യവസായ മേഖലയായ കഴക്കൂട്ടത്ത് തൊഴിൽ തേടി എത്തിയിട്ടുള്ള മറ്റു ജില്ലകളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും ഉൾപ്പെടെയുള്ളവരുടെ യാത്രാസൗകര്യം കണക്കിലെടുത്ത് സ്വകാര്യ, കെ.എസ്.ആർ.ടി.സി., ദീർഘദൂര സർവീസുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മൊബിലിറ്റി ഹബ്ബ് കഴക്കൂട്ടത്ത് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കഴക്കൂട്ടത്ത് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസലുകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ, ഐ.റ്റി. വ്യവസായ മേഖലയിൽ നിന്നും ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസുകൾ പുറപ്പെടുന്നതിനെ കുറിച്ച് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**